സംസ്ഥാനത്തെ കുട്ടികളുടെ പരീക്ഷാഫലം തടസ്സപ്പെടുത്താൻ വേണ്ടി മനഃപൂർവ്വമായി ശ്രമിച്ച കുറേ ആളുകൾ ഉണ്ട്. കുറേ കുട്ടികളുടെ മാർക്ക് ലിസ്റ്റുകൾ ഒളിപ്പിച്ചു വച്ചു. കുറേ കുട്ടികളുടെ നോമിനൽ റോൾ മാറ്റിവച്ചു. അങ്ങിനെയുള്ള കുട്ടികളുടെ പരീക്ഷാഫലമാണ് പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വന്നത്. അത് കണ്ടെടുക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സെൻട്രലൈസ്ഡ് വാല്യുവേഷൻ നടന്ന ക്യാമ്പുകളിൽ കുട്ടികളുടെ ഒറിജിനൽ ആൻസർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. ഇവിടെ മിസ്പ്ലേസ്ഡ് ആയിട്ടുള്ള മാർക്ക് ലിസ്റ്റുകൾ ആ ഒറിജിനൽ ആൻസർ ബുക്കിൽ നിന്നു തന്നെ പകർത്തിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. അതു കൊണ്ട് ഒരൊറ്റക്കുട്ടിയുടേയും മാർക്ക് ലിസ്റ്റ് പോകുന്ന പ്രശ്നമേയില്ല. ഇവിടെ കുഴപ്പങ്ങൾ കാണിച്ച കുറേ ജീവനക്കാരുണ്ട്. അവരോട് യാതൊരു ദയാദാക്ഷിണ്യവും കൂടാതെ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ ഈ സഭയിൽ ഉറപ്പു നൽകുന്നു. അതിനകത്ത് യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റ് കാണിക്കുകയില്ല. കുട്ടികളുടെ ഭാവിയും അതുപോലെ തന്നെ രക്ഷിതാക്കളുടെ ഉൽക്കണ്ഠയുമൊക്കെ കണക്കിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഇതിനകത്തു കുഴപ്പങ്ങളും കൃത്രിമങ്ങളും കാണിക്കുന്ന ആളുകളെ ദയവു ചെയ്ത് പ്രതിപക്ഷം സഹായിക്കരുതെന്നു മാത്രമാണെനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. യൂണിവേഴ്സിറ്റി പരീക്ഷാഫലം സാധാരണ നടപടിക്രമമനുസരിച്ച് തന്നെ പ്രസിദ്ധീകരിച്ചതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ചു ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, മുമ്പ് നമ്മൾ എടുത്ത തീരുമാനത്തിന് വിരുദ്ധമായിട്ടാണ് ഇവിടെ പറഞ്ഞത്.

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളുടെ ഗൗരവം ഒരുപക്ഷേ കുറച്ചുകാണുന്നില്ല. നിരവധി കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണിത്. ഏതായാലും കാര്യങ്ങൾ ഭംഗിയായി നടക്കുന്നു എന്നു സ്വയം ആശ്വസിച്ചതുകൊണ്ട് കാര്യമില്ല. ഇത് ബന്ധപ്പെട്ട എല്ലാവരേയും ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യത കൂടിയുണ്ട്. ഇതു സംബന്ധിച്ച് പത്രങ്ങളിലും സഭയ്ക്കകത്തും ആക്ഷേപങ്ങൾ വന്നിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അത് കണ്ടില്ലെന്നു നടിക്കരുത്. ഇതു സംബന്ധിച്ച് യാതൊരു സംശയവും ഇല്ലാത്ത രീതിയിൽ സംശയങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് മുഖവിലയ്ക്കെടുക്കുകയാണ്. അതിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) ചടയമംഗലം നിയോജകമണ്ഡലത്തിലെ പൊതു മരാമത്തു പണികളുടെ സ്തംഭനാവസ്ഥ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൊതുമരാമത്തു പണികൾ പൊതുവിൽ സ്തംഭിച്ചിരിക്കുന്നതു മൂലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലുള്ള ജനങ്ങൾ ഇന്ന് വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

റോഡുകളും സംരക്ഷിക്കുന്നതിനോ, പുതുതായി ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത റോഡുകളുടെ പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടു പോകുന്നതിനോ ഉള്ള പരിശ്രമങ്ങളൊന്നുംതന്നെ ഈയടുത്ത കാലത്തായി നടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ പി. ഡബ്ലിയു. ഡി. യുടെ 161 കിലോമീറ്റർ റോഡാണുള്ളത്. കേരളത്തിൽ മറ്റേതെങ്കിലും സ്ഥലത്ത് ഇത്രയും കൂടുതൽ റോഡ് ഒരു സെക്ഷന്റെ കീഴിലുണ്ടോയെന്ന് സംശയമാണ്. ഈ മണ്ഡലത്തിലെ പല ഭാഗങ്ങളിലുള്ള നാൽപ്പതോളം കിലോമീറ്റർ റോഡുകളും കുണ്ടുംകുഴിയുമായിട്ടു കിടക്കുന്നതുകൊണ്ട് യാത്രചെയ്യാൻ പറ്റാത്ത ഒരു സ്ഥിതിയാണ് ഉള്ളത്. ഇതിലെ മിക്ക വാറും ഭാഗങ്ങളെല്ലാംതന്നെ 1983–ൽ പ്രൊട്ടക്ഷൻ വർക്കിനുവേണ്ടി ടെൻഡർ ചെയ്തിട്ടുണ്ട്. പ്രൊട്ടക്ഷൻ വർക്കിനുവേണ്ടി ടെൻഡർ ചെയ്ത പ്രവർത്തനങ്ങൾപോലും മൂന്നു വർഷമായിട്ടും പൂർത്തിയായിട്ടില്ല. ഇതിൽതന്നെ ഏറ്റവും അപകടകരമായ യാത്രയ്ക്കുപോലും ബുദ്ധിമുട്ടുന്ന പ്രദേശങ്ങളുൾക്കൊള്ളുന്ന ഭാഗങ്ങൾ ഈ കഴിഞ്ഞ ഫ്ളഡ് ഡാമേജസ് സ്കീമിലുൾപ്പെടുത്തി പണിചെയ്യാൻ വേണ്ടി കൊടുത്തു. എന്നാൽ ഫ്ളഡ്ഡിന്റെ ദുരിതമല്ല അവിടെ പ്രധാനമായും അനുഭവപ്പെട്ടത്. മൂന്നുനാലു വർഷമായി പ്രൊട്ടക്ഷൻ വർക്കുകൾ ഏറ്റെടുത്തത് ചെയ്യാത്തതുമൂലം റോഡുകൾ കുഴിഞ്ഞുകുഴിഞ്ഞ് വാഹനങ്ങൾ ഓടാൻ കഴിയാത്ത രൂപത്തിൽ അപകടകരമായ രീതിയിൽ കിടക്കുകയാണ്. ഫ്ളഡ്ഡിന്റെ പേരിൽ ഏറ്റെടുത്തെങ്കിലും ആ പണികൾ കുറച്ചുമാത്രമേ പൂർത്തിയായുള്ളൂ. ബാക്കി വരുന്ന നാൽപ്പതോളം കിലോമീറ്റർ ഇനിയും വളരെ ബുദ്ധിമുട്ടായി കിടക്കുന്ന ഭാഗമാണ്. ഈ വർഷം പ്രൊട്ടക്ഷൻ വർക്കിന് അതും പാച്ച് വർക്ക് നടത്താൻവേണ്ടി തന്നെ കൊല്ലം ജില്ലയിൽ അനുവദിച്ചത് വീതിച്ചുവരുമ്പോൾ എൺപതിനായിരം രൂപയാണ് എന്റെ മണ്ഡലത്തിലെ റോഡുകളുടെ പ്രൊട്ടക്ഷനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. നാല്പതോളം കിലോമീറ്റർ റോഡ് മോശമായസ്ഥലത്ത് 4 കിലോമീറ്റർ സ്ഥലത്തുപോലും പാച്ച് വർക്ക് നടത്താൻ ഈ തുക കൊണ്ട് തികയുകയില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. കൊല്ലം ജില്ലയിൽ കിട്ടിയ തുക തുല്യമായി എല്ലാ സെക്ഷനുകൾക്കും വീതിക്കുന്ന ഒരു സമീപനമാണവിടെയുള്ളത്. പല സെക്ഷനുകളിലും 100 കിലോമീറ്റർ റോഡുള്ളപ്പോൾ ഇവിടെ 161 കിലോമീറ്റർ റോഡ് വളരെ അപകടകരമായ സ്ഥിതിയിലുള്ളതുകൊണ്ട് ഇപ്പോൾ നീക്കിവച്ചിരിക്കുന്ന തുകയ്ക്കു പുറമേ ഈ റോഡുകളുടെ പ്രൊട്ടക്ഷനുവേണ്ടി പ്രത്യേക തുക അനുവദിച്ചു തരാൻ തയ്യാറാകണം. അതുപോലെതന്നെ ബഡ്ജറ്റ് വർക്കുകൾ കഴിഞ്ഞ കുറച്ചുകാലമായി സ്തംഭനാവസ്ഥയിലാണ് ഓയൂർ–വാപ്പാല റോഡ്, വയലാ–മഞ്ഞപ്പാറ റോഡ്, വയലാ–കുറ്റിക്കാട് റോഡ്, പാങ്ങോട്–കിഴക്കുംഭാഗം റോഡ് തുടങ്ങിയവയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ബഡ്ജറ്റ് വർക്കുകൾ 1982–83–ൽ ടെൻഡർ ചെയ്ത ഈ നാലു റോഡുകളുടേയും അതിലെ പാലത്തിന്റേയും പണി നാലു വർഷം കഴിഞ്ഞിട്ടും ഇഴഞ്ഞിഴഞ്ഞു നീങ്ങുകയാണ്. സെൻട്രൽ പി. ഡബ്ലിയു. ഡി. യിലും റെയിൽവേയിലുമാണെങ്കിൽ കോൺട്രാക്ടർമാർ പണി ഏറ്റെടുത്താൽ അത് കാലപരിധിയ്ക്കകംതന്നെ പൂർത്തിയാക്കണമെന്ന നിബന്ധനയുണ്ട്. കേരളത്തിലെ പി. ഡബ്ലിയു. ഡി. യെ സംബന്ധിച്ചിടത്തോളം കാലപരിധിയെ സംബന്ധിച്ച് വളരെ ഉദാരമായ ഒരു സമീപനമെടുക്കുന്നതുകൊണ്ട് കോൺട്രാക്ടർമാർ വർക്കുകൾ ഇട്ടേച്ചുപോകുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതുകൊണ്ട് കാലപരിധി കർശനമായി പാലിക്കുന്നതിന് ഗവൺമെന്റ് ഭാഗത്തുനിന്നും അതുപോലെതന്നെ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

നടപടി ഉണ്ടായെങ്കിൽ മാത്രമേ ഈ ദുഃസ്ഥിതി പരിഹരിക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ എന്റെ നിയോജക മണ്ഡലത്തിൽനിന്നു തുടങ്ങി പുനല്ലൂർ, കൊട്ടാരക്കര നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നു പോകുന്ന കടയ്ക്കൽ—ചെങ്ങമനാട് റോഡിന്റെ എല്ലാഭാഗവും വാഹനങ്ങൾ ഓടിക്കാൻ കഴിയാത്ത രീതിയിൽ വളരെ അപകടകരമായ സ്ഥിതിയിൽ കിടക്കുന്നതുമൂലം പല ബസ്സ് സർവ്വീസ്സുകളും നിർത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് കടയ്ക്കൽ—ചെങ്ങമനാട് റോഡിന്റെ ദുഃസ്ഥിതിയ്ക്ക് പ്രത്യേക പരിഗണന കൊടുത്ത് അടിയന്തിരമായി അതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കണം. ഇതുപോലെതന്നെയാണ് നമ്മുടെ സ്കൂൾ കെട്ടിടങ്ങളുടേയും ആശുപത്രി കെട്ടിടങ്ങളുടേയും സ്ഥിതി. കഴിഞ്ഞ മൂന്നുനാലു വർഷങ്ങളായി നമ്മുടെ സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടേയും ആശുപത്രി കെട്ടിടങ്ങളുടേയും മെയിന്റനൻസ് നടക്കുന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ സ്കൂൾ കെട്ടിടങ്ങളിൽ ആകെ നടക്കുന്നത് പാച്ചിംഗ് വർക്ക് മാത്രമാണ്. മറ്റൊരു മെയിന്റനൻസ് വർക്കും നമ്മുടെ സ്കൂൾ കെട്ടിടങ്ങൾക്കോ ആശുപത്രി കെട്ടിടങ്ങൾക്കോ നടക്കുന്നില്ല. അതുമൂലം ഈ കെട്ടിടങ്ങളുടെയെല്ലാം സ്ഥിതി വളരെ അപകടകരമാണ്. എന്റെ നിയോജകമണ്ഡലത്തിൽ സ്കൂളുകളുടേയും ആശുപത്രികെട്ടിടങ്ങളുടേയും മെയിന്റനൻസ് നടക്കാത്തതുമൂലം വളരെ അപകടകരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നു. കേരളത്തിലെ പൊതുവേയുള്ള സ്ഥിതിയും ഇതുതന്നെ. അതുകൊണ്ട് അടിയന്തിരമായി ഇതിന് പരിഹാരമുണ്ടാക്കാൻ നിർദ്ദേശമുണ്ടാകണമെന്ന്, ഈയവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടേയും സ്ഥിതി ഇതുതന്നെയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു എ. ഇ. ഒ. ഓഫീസിനു അഡ്മിനിസ്ട്രേറീവ് സാംഗ്ഷനായി. പക്ഷേ അതിന്റെ പണി മുന്നോട്ടു കൊണ്ടുപോകാനുള്ള മറ്റു പരിശ്രമങ്ങൾ സ്തംഭനാവസ്ഥയിലാണ്. അതുപോലെതന്നെ കുമ്മിൾ ഹൈസ്കൂൾ കെട്ടിടത്തിന് പുതുതായി നിർമ്മിക്കേണ്ട പണി ഒരു കോൺട്രാക്ടർ ഏറ്റെടുത്തു. രണ്ടുമൂന്നു വർഷമായി അതിന്റെ പണി ചെയ്യാതെയിട്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി അതിന്റെ പ്രവർത്തനവും മുമ്പോട്ടു കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണം. പൊതുവിൽ ആ മണ്ഡലത്തിലെ റോഡുകളും കെട്ടിടങ്ങളും വേണ്ടരീതിയിൽ മെയിന്റനൻസ് ചെയ്ത് നിലനിർത്തണം. അതുപോലെതന്നെ പുതുതായി ഏറ്റെടുത്ത ഇപ്പോൾ ഇഴഞ്ഞു നീങ്ങുന്ന പ്രവർത്തനങ്ങൾ കൂടുതൽ ഉത്തേജിതമായി മുന്നോട്ടു കൊണ്ടുപോയി ആ മണ്ഡലത്തിലെ പൊതുമരാമത്തു പണികളുടെ സ്തംഭനവും അലംഭാവവും മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ ആ സെക്ഷന്റെ കീഴിലുള്ള റോഡുകളുടെ ശോചനീയാവസ്ഥയാണ് ഇവിടെ ഉന്നയിച്ചത്. ആദ്യമായി അദ്ദേഹം പറഞ്ഞത് ഫ്ളഡ് റിലീഫ് വർക്കിനെ സംബന്ധിച്ചാണ്. പി. ഡബ്ലിയു. ഡി. അല്ല ആ റോഡുകൾ തിരഞ്ഞെടുക്കുന്നത്, റവന്യൂ ഡിപ്പാർട്ടുമെന്റാണ്. അതിന് ഫണ്ട് അനുവദിക്കുന്നതും റവന്യൂ ഡിപ്പാർട്ടുമെന്റാണ്. ഏതായാലും ഇക്കൊല്ലത്തെ പ്രവർത്തനങ്ങളെല്ലാം അവസാനിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവസാനം അദ്ദേഹം പറഞ്ഞത് കെട്ടിടങ്ങളുടെ കാര്യമാണ്. ഓരോ ഡിപ്പാർട്ടുമെന്റിന്റെയും കെട്ടിടങ്ങളുടെ മരാമത്തുപണികളും ചെയ്യുന്നത് പി. ഡബ്ലിയു. ഡി. എഞ്ചിനീയർമാരാണെങ്കിലും അതിനാവശ്യമായ ഭരണാനുമതിയും സാമ്പത്തികാനുമതിയുമെല്ലാം നൽകുന്നത് അതാതു ഡിപ്പാർട്ടുമെന്റുകളും തന്നെയാണ്. ഡിപ്പാർട്ടുമെന്റുകളും അനുവദിക്കുന്ന ഭരണാനുമതിയനുസരിച്ച് നീക്കിവയ്ക്കുന്ന തുകയനുസരിച്ചു തന്നെയാണ് കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനവും മെയിന്റനൻസുമെല്ലാം നടത്തേണ്ടത് എന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മെമ്പർ രണ്ട് എം. എൽ. എ. റോഡുകളുടെ പണി നടക്കുന്നില്ലായെന്നുള്ള കാര്യം ഇവിടെ ഉന്നയിച്ചില്ല. 1983-ൽ അദ്ദേഹത്തിന്റെ ഒരു റോഡ് ഗവൺമെന്റ് ഏറ്റെടുത്തിരുന്നു. ആ റോഡ് മാറ്റി പകരം വേറൊരു റോഡ് ഏറ്റെടുക്കണമെന്ന അദ്ദേഹത്തിന്റെ ആവശ്യപ്രകാരം മറ്റൊരു റോഡ് ഏറ്റെടുത്തു. അപ്പോഴും സ്വാഭാവികമായും കുറച്ചു കാലതാമസം വന്നു. രണ്ടാമത്തെ റോഡും ഏറ്റെടുത്തെങ്കിലും അതിനാവശ്യമായ സ്ഥലം ഇന്നുവരെയും കിട്ടിയിട്ടില്ല. ഈ വക കാര്യങ്ങളൊന്നുംതന്നെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയാത്തത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല? ഏതായാലും അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള എം. എൽ. എ. റോഡുകളുടെ പ്രവർത്തനംപോലും തുടങ്ങാൻ സാധിച്ചിട്ടില്ല. അത് ഗവൺമെന്റിന്റെ അനാസ്ഥയല്ലായെന്നുള്ള കാര്യം ഞാൻ ആദ്യമായി അറിയിക്കുകയാണ്. കേരളത്തിലെ കാലാവസ്ഥയനുസരിച്ച് കോൺട്രാക്ടർമാരോട് അല്പം ഔദാര്യം കാണിക്കേണ്ടതായി വന്നിരിക്കുകയാണ്. സമയത്തിന് പണി കൊടുക്കുവാനും സമയത്തിന് സിമന്റ്, സ്റ്റീൽ തുടങ്ങിയ സാധനങ്ങളും കൊടുക്കുവാനുമുള്ള കഴിവ് നമുക്കില്ലാത്തതുകൊണ്ട് കുറെയെല്ലാം സമയം നീട്ടിക്കൊടുക്കേണ്ടി വന്നിരിക്കുന്നു. എന്നിട്ടും പണി ഇട്ടേച്ചുപോകുന്ന കോൺട്രാക്ടർമാർ നമ്മുടെ നാട്ടിലുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ എട്ടു റോഡുകളുടെ പ്രവർത്തനം നടത്താനുണ്ട്. അതിൽ രണ്ടെണ്ണം എം. എൽ. എ. റോഡുകളാണ്. അത് തുടങ്ങിയിട്ടില്ല. ബാക്കി ആറു റോഡുകളിൽ നാലു റോഡുകളുടേയും പണി കരാറുകാരുടെ അനാസ്ഥമൂലമാണ് പ്രവർത്തനം നടക്കാത്തത്. അതിന് പല കാരണങ്ങളുമുണ്ട്. പല കരാറുകാർക്കും നോട്ടീസ് നൽകി കഴിഞ്ഞിരിക്കുകയാണ്. നിശ്ചിത അവധിക്കകം പണി തീർത്തില്ലെങ്കിൽ അവരുടെ റിസ്ക് ആൻഡ് കോസ്റ്റിൽ മറ്റു കരാറുകാരെ ഏൽപ്പിച്ച് പ്രവർത്തനം നടത്തുമെന്നുള്ള നോട്ടീസ് നൽകിയിരിക്കുകയാണ്. അതുകൊണ്ട് ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥകൊണ്ട് ഒരു മണ്ഡലത്തിലും ഒരു പ്രവൃത്തിയും നടത്താതിരിക്കുന്നില്ലായെന്നുമാത്രം ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, സെൻട്രൽ പി. ഡബ്ലിയു. ഡി. യിലും റെയിൽവേയിലും കാലപരിധിയ്ക്കകം പണിതീർക്കാതിരിക്കുന്നവർക്ക് ഫൈൻ കൊടുക്കണമെന്ന ഒരു ഏർപ്പാടുണ്ട്. നമ്മും ഇക്കാര്യത്തിൽ വളരെ ഉദാരമായ സമീപനമെടുക്കുന്നതുകൊണ്ടാണ് കോൺട്രാക്ടർമാർ വർക്കുകളുടെ ലാഭമുള്ള ഭാഗം മാത്രം ചെയ്തിട്ട് ബാക്കി ഇട്ടിട്ടു പോകുന്നത്. അതിനു കർശനമായ നിലപാടെടുക്കാനും വേണ്ടി വന്നാൽ ഫൈൻ ചെയ്യാനും അവർക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യതകളും കൊടുക്കാനും തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അത് കൊടുക്കാൻ വയ്യാത്ത ചുറ്റുപാടുള്ളതുകൊണ്ടാണ് തൽക്കാലം അല്പം ഔദാര്യം കാണിക്കേണ്ടി വന്നിരിക്കുന്നുവെന്നു പറയാൻ കാരണം.

(2) സംസ്ഥാനത്തെ ചെറുകിട റേഷൻ വ്യാപാരികളെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: സർ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കാര്യക്ഷമമായ ഒരു പൊതുവിതരണശൃംഖല ഭക്ഷ്യധാന്യവിതരണകാര്യത്തിൽ നമ്മുടെ സംസ്ഥാനത്തുണ്ട് എന്നുള്ളതു് ഒരു വസ്തുതയാണ്. പക്ഷേ അതിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന സാധാരണക്കാരായ പാവപ്പെട്ടവരായ ചെറുകിട റേഷൻവ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുഭാവപൂർവ്വമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. നമ്മുടെ ഭരണാധികാരികളൊക്കെ ഈ കേരളത്തിലെ പൊതുവിതരണശൃംഖലയെക്കുറിച്ച് അഭിമാനം കൊള്ളുന്നവരാണ്. പക്ഷേ അവരുടെ പ്രശ്നം വരുമ്പോൾ മുഖം തിരിഞ്ഞ് നിൽക്കുന്ന ഒരു സമീപനമാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. ഏകദേശം 12,600-ഓളം ചെറുകിട റേഷൻവ്യാപാരികൾ ഈ സംസ്ഥാനത്തുണ്ട്. ഓരോ റേഷൻകടയിലും ശരാശരി രണ്ട് സെയിൽസ്മാൻ വീതം ഏകദേശം 25,000—ൽപ്പരം സെയിൽസ്മാൻമാർ ഈ രംഗത്ത് പ്രവർത്തിക്കുകയാണ്. പത്തുമുപ്പത്തെട്ടായിരം ആളുകൾ പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്. എന്നു പറഞ്ഞാൽ 38,000 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം ഈ റേഷൻകടകളെ ആശ്രയിച്ചു മാത്രമാണ് നിലനിൽക്കുന്നത്. ചുരുങ്ങിയത് 25,000 രൂപയെങ്കിലും മുതൽമുടക്കില്ലാതെ ഒരു റേഷൻകട നടത്തിക്കൊണ്ടുപോകാനാവില്ല. മിക്കവാറും സാധാരണക്കാരായ ചെറുകിട കച്ചവടക്കാർ ബാങ്കിൽനിന്നും കടമെടുത്താണ് റേഷൻകട നടത്തുന്നത്. ബാങ്കുകൾക്കു കൊടുക്കേണ്ട പലിശപോലും ഈ രംഗത്തുനിന്നും ചെറുകിട റേഷൻവ്യാപാരികൾക്ക് കിട്ടുന്നില്ല എന്നുള്ളതാണ് വസ്തുത. വളരെയേറെ അവശത അനുഭവിക്കുക മാത്രമല്ല ഉദ്യോഗസ്ഥൻമാരാൽ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാഗമാണ് ഇത്. ഒരു ചെറുകിട റേഷൻ വ്യാപാരിക്ക് ഒരു മാസം ശരാശരി 60 ക്വിന്റൽ അരിയും ഏഴ് ക്വിന്റൽ പഞ്ചസാരയും 1,000 ലിറ്റർ മണ്ണെണ്ണയുമാണ് കിട്ടുന്നത്. ഒരു ക്വിന്റൽ അരിക്ക് കിട്ടുന്ന കമ്മീഷൻ ഏഴു രൂപ ഇരുപത്തൊന്ന് പൈസയാണ്. ഒരു ക്വിന്റൽ പഞ്ചസാരക്ക് കിട്ടുന്നത് നാലു രൂപ അൻപതു പൈസയാണ്. ആയിരം ലിറ്റർ മണ്ണെണ്ണക്ക് കിട്ടുന്നത് 92 രൂപ 10 പൈസയാണ്. ഈ സാധനങ്ങളുടെയൊക്കെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഇന്നു കൂടിയിട്ടുണ്ട്. കയറ്റിറക്കുകൂലി കൂടിയിട്ടുണ്ട്. കയറ്റിറക്ക് കൂലിയൊക്കെ കഴിച്ച് ഒരു ക്വിന്റൽ അരിക്ക് ശരാശരി കിട്ടുന്നത് ഒരു രൂപയോളം മാത്രമാണ്. കമ്മീഷൻ വർദ്ധിപ്പിക്കണമെന്ന് റേഷൻവ്യാപാരികളുടെ സംഘടന ആവശ്യപ്പെട്ടുവെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നും അനുഭാവശൂന്യമായ സമീപനമാണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഈ സർക്കാർ വന്നതിനുശേഷം 1983—ൽ മാത്രമാണ് വളരെ തുച്ഛമായ ഒരു വർദ്ധനവ് കൊടുത്തത്. അതിനുശേഷം ട്രാൻസ്പോർട്ടിംഗ് ചാർജ്, കയറ്റിറക്ക് ചാർജ്, കട വാടക, സെയിൽസ്മാൻമാരുടെ ശമ്പളം ഇവയെല്ലാം വർദ്ധിപ്പിച്ചിട്ടുണ്ട്. ബാങ്ക് പലിശയും വർദ്ധിപ്പിച്ചിട്ടുണ്ട്. അതുമാത്രമല്ല ജീവിതസൂചികതന്നെ വർദ്ധിച്ചിട്ടുണ്ടെന്നുള്ള കാര്യം നമുക്കൊക്കെ അറിയാവുന്നതാണ്. കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly